HONORARY VISITORS TO HOSPITALS

671. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു വേണ്ടി മറുപടി പറയുമോ.—

(എ) അലോപ്പതി ആയുർവേദ സന്ദർശകന്മാരായി ഗവൺമെണ്ടു നോമിനേറ്റു ചെയ്തിട്ടുള്ളവരുടെ ജോലിയോ അധികാരമോ സംബന്ധിച്ചു് എന്തെങ്കിലും ചട്ടങ്ങളുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്താകുന്നു;

(സി) ഇല്ലെങ്കിൽ അവർ വഹിക്കേണ്ട ജോലികളും എന്തെന്നും അക്കാര്യത്തിൽ അവർക്കുള്ള അധികാരങ്ങളും എന്തെന്നും വിശദമാക്കുമോ;

(ഡി) ആയുർവേദ സന്ദർശകന്മാരുടെയും ഡിസ്പെൻസറി സന്ദർശകന്മാരുടേയും ജോലിയും അധികാരവും വ്യത്യസ്തമാണോ;

(ഇ) സംസ്ഥാനത്തെ എല്ലാ ആയുർവേദികൾക്കും ഡിസ്പെൻസറികൾക്കുമാണോ ഈ പ്രാവശ്യം സന്ദർശകന്മാരെ നിയമിച്ചിട്ടുള്ളതു്;

(എഫ്) സന്ദർശകന്മാരായി നിയമിക്കേണ്ടവരുടെ പേരുകൾ ഗവൺമെണ്ടിലേക്കു ശുപാർശ ചെയ്യുന്നതാരാണു്;

(ജി) എ.എ.എ, എ.എ.വി, എ.എ.എൻ, എ.എ.ഒ ഈ കൊല്ലങ്ങളിൽ ആയുർവേദി സന്ദർശകന്മാരായിരുന്നവരിൽ ആരെങ്കിലും ആയുർവേദി സന്ദർശിക്കാതിരുന്നിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അതൊക്കെയാണവർ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഉവ്വു്.

(ബി) മേശപ്പുറത്തു വെച്ചിരിക്കുന്നു.

(സി) ഉത്തരമാവശ്യമില്ല.

(ഡി) അല്ല.

(ഇ) ഒരു പക്ഷപ്പു മേശപ്പുറത്തു വെച്ചിരിക്കുന്നു.

(എഫ്) ചീഫ് മെഡിക്കൽ സൂപ്രിന്റെണ്ടർ.

(ജി) ഉവ്വു്.

(എച്ച്) ഒരു പട്ടികയുടെ പകർപ്പു മേശപ്പുറത്തു വെച്ചിരിക്കുന്നു.

LIBRARIES AND READING ROOMS

672. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു വേണ്ടി മറുപടി നൽകുമോ.—

(എ) ഗവൺമെണ്ടു വകയും ഗവൺമെണ്ടു ഗ്രാന്റു് നൽകുന്നവയുമായി എത്ര ലൈബ്രറിയും എത്ര റീഡിംഗ്റൂമും ഉണ്ടു്;

(ബി) ഇവ ഓരോന്നിലും എത്ര പുസ്തകം വീതം ഉണ്ടു്;

(സി) ഇവ ഓരോന്നിലും എ.എ.എൻ, എ.എ.ഒ ഈ കൊല്ലങ്ങളിൽ എത്രപേർ വീതം വായിച്ചിട്ടുണ്ടു്;

(ഡി) ഇവക്കു പത്രങ്ങളും മാസികകളും ഗവൺമെണ്ടിൽനിന്നു കൊടുക്കുന്നുണ്ടോ;

(ഇ) ഗവൺമെണ്ടിൽനിന്നു നൽകുന്ന ഗ്രാന്റു് എത്ര ഉറപ്പിക വീതമാണു്;

(എഫ്) ഗ്രാന്റു് കൂടുതൽ കൊടുക്കുന്നതിനു വല്ല ആലോചനയുമുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഒരു വ്യ.

(ബി) & (സി) മേശപ്പുറത്തു വെച്ചിരിക്കുന്ന ലിസ്റ്റു് നോക്കുക.

(ഡി) ചില ലൈബ്രറികൾക്കു കൊടുക്കുന്നുണ്ടു്. "കൊച്ചിൻ സ്റ്റുഡന്റ്" എന്ന മാസിക എല്ലാ വിദ്യാർത്ഥി ലൈബ്രറികൾക്കും കൊടുക്കുന്നുണ്ടു്.

(ഇ) വിദ്യാർത്ഥി ലൈബ്രറികൾക്കു ഒരേ. വീതവും ബാക്കിയുള്ളവയ്ക്കു താഴെ കാണുന്നപ്രകാരവും.

		ക.
(എ)	പി. എൽ. & ആർ. ആർ., എറണാകുളം	വ്യ ൦ ൦
(ബി)	എം. ഐ. വൈ. എം. എ. എൽ. & ആർ. ആർ., എറണാകുളം	൪ ൦
(സി)	വി. ജെ. ആർ. ആർ. & ലൈബ്രറി, ഇരിഞ്ഞാലക്കുട	൨ ൦ ൦

LIBRARY ARCHIVES Kerala Legislative Assembly